

# ശ്രീകൃഷ്ണ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കുറിച്ചിത്താനം

# ഉദയം -2019

## ലിറ്റിൽ കൈറ്റ്സ്-2019

**ഉള്ളടക്കം**

പുനർജന്മം........6
LITTLE KITES MEMBERS 2018-2019........7
HANDS BEHIND........8
CLASS TOPPERS........9
........9
MY REMEMBRANCE........10
........10
കുഞ്ഞണ്ണാൻ........11
THE STAR........12
VALUE OF TIME........13
പുരാണകഥ........14
ബുദ്ധിമാനായ ഞണ്ടും സൂത്രശാലിയായ കൊക്കും........15
മൂന്നു മണ്ടന്മാർ........17
HEART OF DARKNESS........21
അമ്മ........23
ആനയും പാപ്പാനും........24
ശ്രീകൃഷ്ണനും കുചേലനും........26
ഐക്യമാണ് ശക്തി........27
കിട്ടിയാൽ പാതി........32
മതിലുകൾ........33
ലക്ഷ്യബോധം വളർത്തുക........34
“कल करै सो आज कर........46
आज करै सो अब"........46
CLASS PHOTOS........47
ART GALLERY........49
DIGITAL GALLERY........50



# ആശംസ.

ശ്രീകൃഷ്ണാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങളായ കൊച്ചു കൂട്ടുകാർ ഒരു 'ഇ' മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. ഈ ചെറിയ തുടക്കം വലിയ നേട്ടങ്ങൾ കൈവരിക്കാനുള്ള കുതിപ്പായി തീരട്ടെയെന്നാശംസിക്കുന്നു. ഈ സംരംഭത്തിൽ പങ്കാളികളായ കുട്ടികൾക്കും അവർക്കു വഴികാട്ടികളായി നിന്ന അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം

കെ. നാരായണൻ നമ്പൂതിരി



ഹൈടെക് വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ആരംഭിച്ച ലിറ്റിൽകൈറ്റ്സ് വളർച്ചയുടെ പടവുകളിലൂടെ മുന്നേറുകയാണ്. കുട്ടികളുടെ സർതോന്മുഖമായ വളർച്ചക്ക് വളരെ സഹായകമായ ലിറ്റിൽ കൈറ്റ്സിന് എല്ലാവിധ ആശംസകളും നേരുന്നു. അതോടൊപ്പം കൈറ്റ്സിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച കുട്ടികൾക്കും അധ്യാപകർക്കും ആശംസകൾ നേരുന്നു.

ഹെഡ് മിസ്ട്രസ്സ്

സിന്ധു കെ.എൻ



ശ്രീ കൃഷ്ണ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു.

പി.ടി.എ പ്രസിഡന്റ്
അജികുമാർ

# പുനർജന്മം



ദൈവത്തിനോട് നന്ദി. ഇത് കേരളത്തിന് പുനർജന്മം ആണ്. കുറേ പേരുടെ കൈകളാൽ നാം പുനർജന്മം കൈവരിച്ചു.ഇപ്പോൾ പുതിയ ഒരു വർഷം എത്തിയിരിക്കുന്നു.കേരളം പഴയ രീതിയിൽ  എത്തിയിരിക്കുന്നു.. ഇത് നമ്മുടെ ഒരുമയുടെ ഫലമാണ്. ഈ പുനർജന്മത്തിൽ നമുക്ക് ദൈവത്തിനോടു നന്ദി ചൊല്ലാം.



നന്ദുമോഹനൻ-9D

# LITTLE KITES MEMBERS
# 2018-2019



LK/2018/31059

**HANDS BEHIND......**







**CLASS TOPPERS....**

# CONGRATS TO ALL....



## MY REMEMBRANCE

The branches of trees were full of fruits. All the fruits were rip and filled with Knowledge. It make the heart with pleasure.

The migrating birds coming from some were. They stay on the tree for some time. And the birds eat the fruits from the tree. The birds earn the sweet of wisdom. And flown by filled there heart with pleasure. And flying up and up to the way of there dreams.

*S. ADITYA*

*8C*

# കുഞ്ഞണ്ണാൻ

തത്തിച്ചാടി  കുഞ്ഞണ്ണാൻ
എത്തി മാവിൻ കൊമ്പത്ത്
ചിൽച്ചിൽ പാടി  കുഞ്ഞണ്ണാൻ
ഒച്ച മുഴക്കി കൊമ്പത്ത്.
കുഞ്ഞണ്ണാനെ കാണാതായി
ഞങ്ങൾ ചെന്നൊരു നേരത്ത്
പമ്മിയിരുന്നു  കുഞ്ഞണ്ണാൻ
ഞങ്ങൾ കാണാകൊമ്പത്ത്.

*ANGEL JOY*
*7A*

# THE STAR

Once there lived a poor fisher man and his small family. The fisher man was very dreamful in the future of his children . His ambition was to make her daughter a beautiful singer, that she sing beautifully. But, his present situation is so dull, so he can't. This house was a small hut with one room. One day there is a festival on his child's school. His daughter invite him to the school with exciting. On the festival day after the festival conclude the fisherman came with a dirty and worned dress. All the parents shamed him, the child become very sad and run to her home and started crying. Then she make sure that “I will take revenge to them”. Then she started studying very well at last she became the best student of the year. The H.M asked her a speech to say in the annual day ceremony. She became very happy. The annual day came. The head girl and boy announced her name and invite her to the stage. In that speech she say that. “my father is a fisherman but that did not make me shame that he was the star of my family”

Poorvaja N
*6 C*

## VALUE OF TIME

Time is a precious gift . We have to learn how to make use of time. The people who waste time should be punished. They should understand that every single second is very much important in our life.

As we are children ,we should know how to make use of our time. In order to make the best use of time, we should make a time table for all our activities.

Time and tide wait for none. God gives everyone twenty-four hours in a day. We should be able to do only good deeds in this time.

If we waste our time by playing and sleeping only,we will never get anything in our life. The time we make us to work hard and achieve success in our life.

The child who makes a time table and follow it,can find the time for all this activities. He will be able to finish everything on time. Those who value time and do all good deeds, will be rewarded by god.

As children we must consider the time given to us as god's gift and make use of it as much as we can. We should always think that time will not wait for any one.

MADHAV SAJI

***STD 6B***

ഉണ്ണിക്കണ്ണന്റെ മുടി ചീകിയൊരുക്കി കെട്ടിവയ്ക്കാൻ നോക്കുകയാണ് അമ്മയായ യശോദ.പക്ഷേ,അത് ഒതുങ്ങുന്നതേയില്ല. അപ്പോഴതാ മുറ്റത്തൊരു മയിൽ.ഒരു പീലി കൊഴിച്ചിട്ടിട്ട് മയിൽ പറന്നു പോയി."അമ്മേ,എന്റെ മുടികെട്ടിൽ ആ പീലി ഒന്നു വെച്ചു തരൂ!",അമ്മ കണ്ണൻ പറഞ്ഞതുപോലെ ചെയ്തു. പീലി തിരുകിയതോടെ മുടി ഒതുക്കികെട്ടി വയ്ക്കാനായി.അങ്ങനെയാണത്രേ കണ്ണൻ പതിവായി പീലി ചൂടാൻ തുടങ്ങിയത്.

SANDRA SONY
7A

**ബുദ്ധിമാനായ ഞണ്ടും സൂത്രശാലിയായ കൊക്കും**

ഒരിടത്ത് ഒരിടത്ത് ഒരു നദിയിൽ മീനുകളെ എല്ലാം പിടിച്ചു തിന്നുമായിരുന്നു ഒരു കൊക്ക്.എല്ലാ മീനുകൾക്കും അതിനോട് ദേഷ്യമായിരുന്നു. എങ്കിലും അവന് ഇഷ്ടപ്പെട്ട മീനുകളെ എല്ലാം അവൻപിടിച്ചു തിന്നു കൊണ്ടിരുന്നു. കൊക്ക് വളരെ പ്രായം ചെന്നതായിരുന്നു. അതുകൊണ്ട് അതിന് മീനിനെ പിടിക്കാൻ ബുദ്ധിമുട്ടായി. ദിവസങ്ങൾ കഴിയുന്തോറും അതിന് തീരെ അവശതയായി. കൊക്കിനോട് ഞണ്ട് ചോദിച്ചു."എന്തുപറ്റി നീ ദുഖിതനാണല്ലോ".കൊക്ക് പറഞ്ഞു."അത് ഈ നദിയുടെ കാര്യം ഓർത്താണ്."എന്ത് കാര്യമാണെന്നു ഞണ്ടിനു സംശയമായി. അപ്പോൾ കൊക്ക് പറഞ്ഞു."ഈ നദി രണ്ടായി ഭാഗിക്കാൻ പോവുകയാണ്."ഇതു കേട്ട നദിയിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങൾക്കും പേടിയായി. അപ്പോൾ കൊക്ക് പറഞ്ഞു."നിങ്ങളെ ഞാൻ രക്ഷിക്കാം.സമ്മതമാണെങ്കിൽ എന്റെ കൂടെ വരണം.ഇവിടെ നിന്നും കുറച്ചകലെ ഒരു കുളം ഉണ്ട്. നിങ്ങളെ ഞാൻ സുരക്ഷിതമായിട്ട് അവിടെ എത്തിക്കാം. പക്ഷേ,ഒരു ദിവസം ഒരു മീനിനെ മാത്രമെ എനിക്ക് കൊണ്ടു പോകാൻ കഴിയുകയുള്ളൂ". അവയ്ക്ക് സമ്മതമായിരുന്നു.അങ്ങനെ കൊക്ക് ഓരോ ദിവസവും ഓരോ മീനിനെ കൊണ്ടുപോയി. കുറച്ചുമാറി ഒരു മലയിൽ കൊണ്ടുപോയി മീനുകളെ തിന്നുകയായിരുന്നു. അങ്ങനെ അവസാന ദിവസം വന്നു ചേർന്നു. അന്ന് ഞണ്ടിന്റെ ദിവസമായിരുന്നു. കൊക്ക് ഞണ്ടിനെ പുറത്ത് കയറ്റികൊണ്ടുപോയി. കുറേ സമയം ആയപ്പോൾ ഞണ്ട്

ചോദിച്ചു."കുളം എത്തിയില്ലേ?". അപ്പോഴാണ് കൊക്കിന്റെ തനിസ്വഭാവം പുറത്ത് വന്നത്. കൊക്ക് പറഞ്ഞു."നീ എന്താ കരുതിയത്?. നിങ്ങളെ ഞാൻ കുളത്തിലിടാനല്ല കൊണ്ടുവന്നത്. എനിയ്ക്ക് തിന്നാനാണ്."അങ്ങനെ പറഞ്ഞ് കൊക്ക് പറന്നു. ഞണ്ട് ബുദ്ധിമാനായിരുന്നു.കൊക്കിന്റെ കഴുത്തിൽ ഇറുക്കി പിടിച്ചു. കൊക്ക് താഴെവീണു മരിച്ചു. ഞണ്ട് കുളത്തിൽ തിരിച്ചെത്തി.നടന്ന കാര്യങ്ങളെല്ലാം വിശദമായി തന്റെ കൂട്ടുകാർക്ക് പറഞ്ഞു കൊടുത്തു. എല്ലാവരും പറഞ്ഞു."ഞണ്ടേ നീ ഭയങ്കര ബുദ്ധിമാനാണ്." അപ്പോൾ ഞണ്ട് പറഞ്ഞു."എന്റെ ബുദ്ധിയല്ല അവന്റെ അത്യാഗ്രഹമാണ് ഇതിനു കാരണം. "

**ഇതിനൊരു ഗുണപാഠം ഉണ്ട്**

**'അത്യാഗ്രഹം ആപത്ത്'**

**ആതിര സന്തോഷ്**

*5B*

മൂന്നു മണ്ടന്മാർ

ഒരു കൃഷിക്കാരന് മൂന്നു മക്കളുണ്ട്. മൂന്നും മണ്ടന്മാർ. എങ്ങനെയും അൽപം ബുദ്ധി വയ്ക്കട്ടെ എന്നു കരുതി പേരു കേട്ടൊരു ഗുരുവിന്റെ ആശ്രമത്തിൽ അവരെ ചേർത്തു. കൊല്ലം രണ്ടു കടന്നുപോയി. പഠനം പൂർത്തിയാക്കി മൂന്നു പേരും വീട്ടിലേക്കു മടങ്ങുകയായിരുന്നു. നടന്നു നടന്ന് കുറ്റിക്കാടുള്ള ഒരു കുന്നിൻപുറത്തെത്തി. ക്ഷീണിച്ചപ്പോൾ ഒരു മരച്ചുവട്ടിൽ വിശ്രമിച്ചു. അപ്പോഴാണ് ഇളയവൻ നെല്ലിമരച്ചോട്ടിൽ ഒരു നെല്ലിക്ക വീണു കിടക്കുന്നത് കണ്ടത്. അവൻ അതുപെറുക്കി ചേട്ടൻമാർക്കും കൊടുത്തു. "ആഹാ നല്ല രുചി!" മൂന്നു പേരും കുറേ നെല്ലിക്ക തിന്നു. നല്ല ദാഹം ഇനി കുറച്ചു വെള്ളം കുടിക്കണം. കുറച്ചു നടന്നപ്പോൾ ഒരു കിണർ കണ്ടു. അവർ വെള്ളം കുടിച്ചു. "ഹായ് മധുരമുള്ള വെള്ളം" ചേട്ടൻ പറഞ്ഞു. അപ്പോൾ അനിയന്മാരും പറഞ്ഞു "നല്ല മധുരം." "ഇത് പഞ്ചാര വെള്ളമുള്ള അത്ഭുതക്കിണറാണ്." ചേട്ടൻ പറഞ്ഞു. "അതെ" അനിയന്മാരും പറഞ്ഞു. അപ്പോഴാണ് ചേട്ടന് ഒരു ബുദ്ധി തോന്നിയത്. "നമുക്ക് ഈ വെള്ളം

കട്ടുകൊണ്ട് പോയാലോ." "ഹോ! ചേട്ടന്റെ ബുദ്ധി." അനിയന്മാർ പറഞ്ഞു "നമുക്ക് പഞ്ചാര വെള്ളം വിറ്റ് ഒരുപാട് പണമുണ്ടാക്കാം". രാത്രിയായപ്പോൾ വീട്ടിൽ ചെന്ന് പാത്രങ്ങളെല്ലാമെടുത്ത് വെള്ളം കോരി നിറച്ച് ഏറെ ദൂരം ചുമന്ന് വീട്ടിൽ എത്തിച്ചു. കുറെ വെള്ളം അവരുടെ കിണറ്റിലും കോരി ഒഴിച്ചു. നേരം വെളുത്തു. അച്ഛനും അമ്മയും ചോദിച്ചു. "ആരാണ് പാത്രം നിറയെ വെള്ളം നിറച്ചത്?" അപ്പോൾ മക്കൾ പറഞ്ഞു. "ഞങ്ങളാണ്, അത് വെറും വെള്ളമല്ല, പഞ്ചാര വെള്ളമാണ് ." "പഞ്ചാര വെള്ളമോ?, എന്നിട്ടെന്താണ് ചോണനുറുമ്പ് വരാത്തത് ?" അമ്മ വെള്ളം രുചിച്ചു നോക്കി. അച്ഛനും നോക്കി. "ശ്ശെ ഇതാണോ പഞ്ചാരവെള്ളം?" മക്കളും നോക്കി. ഒരു മധുരവുമില്ല. "നല്ല മധുരമുണ്ടായിരുന്നല്ലോ?" ചേട്ടൻ പറഞ്ഞു. "അതേയതെ." അനിയന്മാരും പറഞ്ഞു. അപ്പോൾ അച്ഛൻ ചോദിച്ചു. "നിങ്ങൾ വെള്ളം കുടിക്കുന്നതിന് മുമ്പ് എന്തെങ്കിലും തിന്നിരുന്നോ?" പെട്ടെന്ന് ഇളയവൻ നെല്ലിക്ക എടുത്ത് അമ്മയ്ക്ക് കൊടുക്കാൻ കൊണ്ടുവന്നു. അതു കണ്ടപ്പോൾ അച്ഛൻ തലയിൽ

കൈവച്ചു പറഞ്ഞു. "മണ്ടന്മാരേ! നെല്ലിക്ക തിന്നു വെള്ളം കുടിച്ചാൽ വെള്ളത്തിന് മധുരം തോന്നും.” “ഓഹോ ! അങ്ങനെയാണോ? ഇത്തിരിപ്പോന്ന നെല്ലിക്ക കഴിച്ചാൽ അത്രയും വെള്ളത്തിൽ മധുരമുണ്ടാകുന്നതെങ്ങനെയായിരിക്കും?” അവർ ആലോചിക്കാൻ തുടങ്ങി. ആദ്യമായാണ് മണ്ടന്മാർ ഒരു കാര്യം ആലോചിക്കുന്നത്. പക്ഷേ, എത്ര ആലോചിച്ചിട്ടും അവർക്ക് ആ രഹസ്യം പിടികിട്ടിയില്ല !!!

***Devika S.***
***5B***

## നിറം മാറിയ കാളിന്ദി

കാളിന്ദിനദിക്ക് കൃഷ്ണവർണമാണ്.അതായത് കരിനീലനിറം. നിറം കിട്ടിയതിനുപിന്നിൽ ഒരു കഥയുണ്ട് .പരമശിവന്റെ ഭാര്യ ആയിരുന്ന സതീദേവി തീയിൽ ചാടി മരിച്ചു.

ഭാര്യ മരിച്ച ദുഃഖത്തിൽ ശിവൻ ആരോടും മിണ്ടാതെ ഒരു സ്ഥലത്തുതന്നെ ഇരിപ്പായി. ശിവൻ ഈ ഇരിപ്പ് തുടർന്നപ്പോൾ ദേവന്മാർക്ക് പേടിയായി."ലോകനാഥന്മാരിൽ ഒരാളായ പരമശിവൻ ഇങ്ങനെ ദുഃഖിച്ചിരുന്നാൽ എന്ത് ചെയ്യും?" അവർ വേഗം കാമദേവനെ വിളിച്ച് കാര്യം പറഞ്ഞു. ഉടനെ കാമദേവൻ ശിവന്റെ അടുത്തെത്തി വിജൃംഭണം എന്നൊരു അസ്ത്രമെയ്തു.അത്ഭുതം!അതോടെ ശിവൻ സതീദേവിയെ പേരുചൊല്ലി വിളിച്ച് ലോകം മുഴുവൻ ഓടിനടപ്പായി.പക്ഷെ,എങ്ങും സതീദേവിയെ കാണാനില്ല.ഒടുവിൽ വിഷമം സഹിക്കാനാവാതെ ശിവൻ കാളിന്ദിനദിയിലേക്ക് ഒരു ചാട്ടം! അതോടെ കാളിന്ദിനദിയിലെ വെള്ളം കൃഷ്ണനിറമായി മാറി.

**Lakshmi priya p s**
**7A**

# HEART OF DARKNESS

Between the iron rods
where darkness was his only companion
where ashes and fames is clouded
there he lies,
thin and lean,looks like he hadn't
food for years,cheek sunken
body shaking,
he couldn't think,he couldn't feel
because he only knows violence
people labelled him as a psycho
yes, he was a young man.
he once had a bright past.

He had a family, a wife, a daughter
but they vanished into eternity,

or he the one who killed them?

The thought made his eyes moist.

darkness everywhere .

he struggled to open his eyes.

he started sweating

his heart started beating fast

he opened his eyes

it is dark everywhere

was his heart too dark.....

Lakshmi M.A

8D

# അമ്മ

അമ്മയാണ്  ഈ വീടിൻ വെളിച്ചം
അമ്മയാണ്  ഈ വീടിൻ തെളിച്ചം

അമ്മയില്ലാത്തൊരുവീടോ? ഹാ...!

അമ്മയുടെ സ്നേഹം അമൃതമാണ്

അമ്മവാത്സല്യം കരുണയാണ്

അമ്മതൻ കർമ്മങ്ങൾ നല്ലതാണ്

അമ്മയോ വീടിൻ ശബ്ദം,

അമ്മയോ വീടിൻ തണൽ

വീട്ടുകളാകെ ഗന്ധം പരക്കും

അമ്മയുടെ ഭക്ഷണം നല്ലതാണ്

സ്നേഹം കലർത്തിയ ഭക്ഷണം

എല്ലാ തളർച്ചയും മാറ്റുമെല്ലോ

അമ്മ ഈ വീടിൻ ഐശ്വര്യം

അമ്മ ഈ വീടിൻ കാരുണ്യം.

Devabhadra K.U

# ആനയും പാപ്പാനും

കൊടുങ്ങല്ലൂർ ഉത്സവം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഉത്സവത്തിന് ആനയെ എഴുന്നള്ളിച്ചുകൊണ്ടുവരികയായിരുന്നു. എഴുന്നള്ളിപ്പ് ഭംഗിയായി നടന്നുകൊണ്ടിരുന്നപ്പോൾ അമ്മുവിന് ആനയെ തൊടണമെന്നൊരുമോഹം. അമ്മുവിന്റെ അച്ഛൻ ആനയുടെ പാപ്പാനോട് ചോദിച്ചു. “എന്റെ മകളെ ആനയെ തൊടീപ്പിക്കുമോ?" പാപ്പാൻ അത് സമ്മതിച്ചു. അങ്ങനെ അമ്മു ആനയെ തൊട്ടു.

ആനയ്ക്ക് പഴം കൊടുക്കുകയും ചെയ്തു. ആനയ്ക്ക് സന്തോഷമായി . കുറച്ചുകഴിഞ്ഞപ്പോൾ അമ്മു ആരും കാണാതെ ആനയുടെ വാലിൽ കയറിപിടിച്ചു. ആനയ്ക്ക് ദേഷ്യം വന്നു. ആന കാലു കുടഞ്ഞു. അമ്മു തെറിച്ചുവീണു. ആന വട്ടം ചുറ്റി ഓടാൻ തുടങ്ങി. ആൾക്കാരെല്ലാം ചിതറി ഓടി. ഒടുവിൽ ആനയെ ഒരുപാട്

സ്നേഹിച്ചിരുന്ന ആനയുടെ പഴയ പാപ്പാൻ അപ്പുണ്ണി ആനയോട് നിൽക്കാൻ പറഞ്ഞു. ആന തലകുനിച്ച് അപ്പുണ്ണിയുടെ മുന്നിൽ നിന്നു. എവരും ആനയുടെ പഴയ പാപ്പാൻ അപ്പുണ്ണിയോട് നന്ദി പറഞ്ഞു.

MALAVIKA VENU

VI B

# ശ്രീകൃഷ്ണനും കുചേലനും

ശ്രീകൃഷ്ണനും കുചേലനും കുട്ടിക്കാലത്ത് സഹപാഠികളായിരുന്നു.ഒരിക്കൽ കുട്ടികൾ വിശന്നു കരയുന്നത് കണ്ടപ്പോൾ , ഭാര്യയുടെ നിർബന്ധത്തിൽ കുചേലൻ കൃഷ്ണനെ കാണാൻ പുറപ്പെട്ടു. കൃഷ്ണനു കൊടുക്കാൻ ഒരുപിടി അവിൽ മാത്രമാണ് കുചേലൻ കരുതിയിരുന്നത്.കുചേലനെ കണ്ടതും കൃഷ്ണൻ ഓടിവന്ന് കെട്ടിപിടിച്ചു.വിശേഷങ്ങൾ പങ്കുവച്ചെങ്കിലും തന്റെ കഷ്ടപാടിനെക്കുറിച്ച് ഒരക്ഷരംപോലും പറയാതെ കുചേലൻ യാത്ര പറഞ്ഞിറങ്ങി . പക്ഷേ, തിരിച്ച് വീട്ടിലെത്തിയതും അവിടെയതാ വീടിന്റെ സ്ഥാനത്ത് മണിമാളിക! പുത്തൻ വസ്ത്രങ്ങളണിഞ്ഞ് ഭാര്യയും കുട്ടികളും! എല്ലാം കൃഷ്ണന്റെ അദ്ഭുതങ്ങളായിരുന്നു !

**Lakshmipriya P S**
**VII A**

## ഐക്യമാണ് ശക്തി

ഒരിക്കൽ കുറെ പ്രാവുകൾ ഭക്ഷണം തേടി പറക്കുകയായിരുന്നു. അവ ഒരിടത്ത് കുറെ ധാന്യം കിടക്കുന്നത് കണ്ടു. ധാന്യം കണ്ട് പറന്നിറങ്ങിയത് ഒരു വേടൻ വിരിച്ച വലയിലായിരുന്നു. പ്രാവുകൾ വലയിൽ കുരുങ്ങി. അവ വേടൻ നടന്ന് വരുന്നതു കണ്ടു. ആപത്ത് വരുമ്പോൾ ബുദ്ധി പ്രയോഗിക്കണമല്ലോ. അവ ഒരു പദ്ധതി ആലോചിച്ചു. എല്ലാ പ്രാവുകളും ഒരുമിച്ച് പറന്നുയരാൻ തീരുമാനിച്ചു. വേടൻ അടുത്തെത്തിയതും അവ വലയുമായി പറന്നുയർന്നു. ഐക്യമാണ് ശക്തി എന്ന് പ്രാവുകൾ തെളിയിച്ചു.

Sreelakshmi Babu

# കുട്ടിയാനയുടെ വാശി

പണ്ട് പണ്ട് ഒരിടത്ത് കിങ്ങിണി മലയിൽ ഒരു അമ്മ ആനയും കുട്ടിയാനയും താമസിച്ചിരുന്നു. കുട്ടിയാനയ്ക്ക് ഇപ്പോൾ രണ്ട് വയസ്സായി. കുട്ടിയാനയ്ക്ക് കഴിക്കാനുള്ള ഭക്ഷണങ്ങൾ ശേഖരിച്ച് കൊണ്ടു വരുന്നത് അവന്റെ അമ്മയാണ്. അമ്മയെന്നു പറഞ്ഞാൽ അവന് ജീവനാണ്. പക്ഷേ, ഒരു കാര്യം കുട്ടിയാന മനസ്സിൽ ഉറപ്പിച്ചാൽ അവന് അത് കിട്ടുക തന്നെ വേണം . ഒരു ദിവസം സന്ധ്യയാകാറായപ്പോൾ അവന് വല്ലാതെ വിശക്കാൻ തുടങ്ങി. അന്ന് കോരിച്ചൊരിയുന്ന മഴയുള്ള ഒരു ദിവസമായിരുന്നു. കുട്ടിയാന തന്റെ അമ്മയോട് പറഞ്ഞു "അമ്മേ എനിക്ക് വിശക്കുന്നു ഇപ്പോൾ തന്നെ എനിക്ക് എന്തെങ്കിലും കഴിക്കാൻ വേണം”. അമ്മ പറഞ്ഞു "മോനെ ഇപ്പോൾ കോരിചൊരിയുന്ന മഴയാണ് അത് മാത്രമല്ല മഴ പെയ്യുന്നത് കാരണം കിങ്ങിണി മല ഇറങ്ങാനും ബുദ്ധിമുട്ടാണ്. മല ഇറങ്ങിയാലെ എന്തെങ്കിലും കഴിക്കാൻ വേണ്ട പഴങ്ങൾ പറിക്കാൻ പറ്റുകയുള്ളൂ. നിനക്ക് അറിയാമല്ലോ മോനെ നമ്മൾ കുളിക്കാൻ പോകുന്ന പുഴകടി കടന്നാലെ കാട്ടിൽ എത്തുകയുള്ളൂ" . ഇത്രയൊക്കെ പറഞ്ഞിട്ടും അവന് അതൊന്നും കേട്ട ഭാവം നടിച്ചില്ല . പിന്നെ അമ്മ തന്റെ വീട്ടിൽ നിന്നും കാട്ടിലേക്ക്

പോകാനിറങ്ങി. കുട്ടിയാനയോട് അമ്മ പറഞ്ഞു "മോനെ ഞാൻ നിനക്കു വേണ്ട പഴങ്ങൾ പറിച്ചുകൊണ്ട് വരാം" . അവൻ അമ്മ നടന്ന് അകലുന്നത് നോക്കി നിന്നു . മഴ കൂടിയതല്ലാതെ കുറഞ്ഞില്ല. പിന്നീട് ഇടിയും കാറ്റുമായി. കുട്ടിയാനയ്ക്ക് പേടിയായി. സന്ധ്യയായിട്ടും  അമ്മ വന്നില്ല. അമ്മ ഈ സമയം പുഴ കടന്നിരുന്നു. വെള്ളം കരയ്ക്ക് കേറാനായി കുറച്ച് സമയം കൂടി മതി. അമ്മ പഴങ്ങൾ ശേഖരിച്ച് വന്നപ്പോഴേക്കും അവിടെ ഉണ്ടായിരുന്ന പാലം മുങ്ങിയിരുന്നു. അമ്മ മഴ കുറയാനായി നോക്കി നിന്നു. പിന്നെയും മഴ കൂടി. അവസാനം അമ്മ പേടിച്ച് കൊണ്ട് പുഴയിലേക്ക്

ഇറങ്ങി.മഴ പെയ്ത്തിൽ പുഴയിലെ മണ്ണ് ചെളിയുടെ കൂടെ ഒലിച്ചുപോയി. ആ കുഴിയിലേക്ക്  അമ്മ വീണു പോയി. അമ്മ അലറി വിളിക്കാൻ തുടങ്ങി."അയ്യോ എന്നെ രക്ഷിക്കണെ”. ആ പുഴയുടെ  അടുത്ത് താമസിക്കുന്ന ഒരു ആന  നിലവിളി കേട്ടു. അവൻ നോക്കിയപ്പോൾ ആന വെള്ളത്തിൽ ഒഴുകിപൊയ്ക്കൊണ്ടിരിക്കുകയാണ്. ഉടനെ അടുത്ത് താമസിക്കുന്ന ആനകളെക്കൂടി വിളിച്ച് അവർ ഒരു മരം അമ്മ ആനക്കായി പുഴയിലേക്ക് ഇട്ടു കൊടുത്തു. അമ്മയാന അതിൽ പിടിച്ച് കയറി. തന്നെ രക്ഷിച്ച എല്ലാവരോടും അമ്മയാന നന്ദി പറഞ്ഞു. അമ്മയാന നടന്നു

വീട്ടിലെത്തി. അവിടെ കാത്തിരുന്ന കുട്ടിയാനയെ കെട്ടിപ്പിടിച്ചു. അവനോട് അമ്മ നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അവൻ അമ്മയോട് കരഞ്ഞ് പറഞ്ഞു എന്റെ വാശിയാണ് എല്ലാത്തിനും കാരണം. അമ്മക്ക് എന്തെങ്കിലും പറ്റിയിരുന്നെങ്കിൽ? അവൻ അമ്മയോട് ക്ഷമ ചോദിച്ചു.

ചില കാര്യങ്ങൾ മാത്രമെ വാശിപ്പിടിച്ചാൽ നടക്കുകയുള്ളു. ചില കാര്യങ്ങൾനടക്കുകയില്ല.

വീണാലക്ഷ്മി പി വി

എട്ട് സി

# കുട്ടത്തി പ്രാവ്

കറുമുറെ പയർമണി

കൊത്തും പ്രാവേ!

കുട്ടത്തി പ്രാവേ!

കുറുകുറു കുറുകി

പറയണതെന്താ

കുട്ടത്തിപ്രാവേ!

റോണിയ

ഏഴ് എ

# കിട്ടിയാൽ പാതി

കള്ളൻ ഗുണ്ടു മോഷ്ടിക്കാൻ ഒരു വലിയ വീടുകണ്ടുവച്ചു. രാത്രിയിൽ അവിടെ മോഷ്ടിക്കാൻ എത്തിയപ്പോൾ അതാമറ്റൊരു കള്ളൻ, തിമ്മു .

“ഹും,ഞാനിവിടെ മോഷ്ടിക്കും.നീ നിന്റെപാട്ടിനുപോ.” അവർ തർക്കമായി. ഒടുവിൽ ഗുണ്ടു പറഞ്ഞു "ഞാൻ കയറി മോഷ്ടിക്കാം കിട്ടുന്നതിൽ പാതി തരാം"

സന്തോഷത്തോടെ തിമ്മു അനുസമ്മതിച്ചു .

തിമ്മു പുറത്തുനിന്നു. ഗുണ്ടു മതിൽചാടി അകത്തുകടന്നു. അൽപം കഴിഞ്ഞപ്പോൾ ഗുണ്ടു തിരിച്ചെത്തി എന്നിട്ട് തിമ്മുവിന്റെ കൈപിടിച്ച് ഒറ്റകടി! “ഹയോാാ ഇതെന്താ." "കിട്ടിയതിൽപാതി തന്നതാ. അവിടുത്തെ പട്ടി എന്നെ രണ്ടുതവണ കടിച്ചു അതിൽ ഒന്ന് നിനക്ക് തന്നതാ."

**VISHAKH M MANOJ 9D**

***VISHAKH M MANOJ***

മർത്ത്യൻ തൻ ചുടുചോര ആവോളമൂറ്റിനാം
പണിയുന്ന മതിലുകൾ പലവിധം ഉലകത്തിൽ
പുസ്തകത്തിൽ മുഖമായ്യ് അന്യോന്യം കുട്ടികൾ
തീർക്കുമാ പൊട്ടൻ മതിലുകൾക്കപ്പുറം
പൂത്തുനിൽക്കുന്നിതാ  കൊന്നയും വെട്ടി നാം
തീർക്കുന്നിതാ ഭിത്തിയും അപ്പുറം ഇപ്പുറം
ചാടിക്കടക്കുവാൻ ആകാതെ
കൂട്ടുകാർ അന്യരായി
തീരുന്നിതാ മതിൽക്കപ്പുറം ...........
അധികാരം അതിലാണ് മതിലിൻ ലക്ഷ്യം
അതിനായി ബലിയാടുതിരയുന്ന
ഭരണ പ്രഭുക്കൻമാർ.......
മതമായി,കൊലയായി,മതിലുകളായി
നാം
മായുന്നിതാ ഈ ഭൂമി......

Sreya S Nair

7

# ലക്ഷ്യബോധം വളർത്തുക

പ്രപഞ്ചത്തിൽ എല്ലാത്തിനും ലക്ഷ്യമുണ്ട്. അരുവി പുഴയിലേക്കും പുഴ സമുദ്രത്തിലേക്കും ഒഴുകുന്നു. വാഹനങ്ങൾ ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്നു. മൃഗങ്ങളുടേത് ഭക്ഷണം തേടിയുള്ള യാത്രയാണ്. പഠിക്കുക എന്നതാണ് വിദ്യാർത്ഥികളുടെ ലക്ഷ്യം. ഒരു കൃഷിക്കാരന്റെ ലക്ഷ്യം ആദായമുണ്ടാക്കുക എന്നതാണ്. അധികാരത്തിലെത്തുക എന്നതാണ് ഒരു നേതാവിന്റെ ലക്ഷ്യം. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലക്ഷ്യം വിജയിക്കുക എന്നതാണ്. വിജയം ലക്ഷ്യത്തിന്റെ തിരിച്ചറിയലാണ്. ലക്ഷ്യം നിർണ്ണയിക്കാത്തവർ വിജയിക്കുന്നില്ല.

ലക്ഷ്യബോധമില്ലാത്തവർ കാറ്റിൽ പറക്കുന്ന ബലൂൺ പോലെയാണ്.കാറ്റിന്റെ ഗതി അനുസരിച്ച് അതു പറക്കുന്നു. എവിടെ എത്തിച്ചേരുമെന്ന് പ്രവചിക്കാനാവുകയില്ല. യാത്ര പോകുമ്പോൾ കാണുന്ന വഴിക്കു പോവുകയല്ല, ലക്ഷ്യം ഉറപ്പിച്ച് അവിടെ എത്താനുള്ള വഴിയിലാണ് സഞ്ചരിക്കേണ്ടത്.

വ്യക്തമായ ലക്ഷ്യമില്ലാതെ നടത്തുന്ന പരിശ്രമം പരാജയപ്പെടുന്നു. കാറ്റലീനചാനൽ നീന്തികടന്ന ആദ്യത്തെ വനിതയാണ് ഫ്ളോറൻസ് ചാഡ് വിക്. ആദ്യ ശ്രമത്തിൽ അവൾ പരാചയപ്പെട്ടു. കാരണം, ലക്ഷ്യ സ്ഥാനം വ്യക്തമായിക്കാണാൻ അവൾക്ക് കഴിഞ്ഞിരുന്നില്ല. കനത്ത

മഞ്ഞും മരവിപ്പിക്കുന്ന തണുപ്പും സഹിച്ച് അവൾ ലക്ഷ്യത്തിനു തൊട്ടടുത്തെത്തി. പക്ഷെ, കനത്ത മഞ്ഞും മോശമായ കാലാവസ്ഥയും അവരുടെ കാഴ്ചയെ പ്രതികൂലമായി ബാധിച്ചു. മറുകരയിലെത്താവാതെ അവർ നീന്തൽ അവസാനിപ്പിച്ചു. ലക്ഷ്യത്തിനടുത്തുവെച്ചാണ് യാത്ര അവസാനിച്ചതെന്ന് അവർ മനസ്സിലാക്കി. രണ്ടു മാസത്തിനു ശേഷം വീണ്ടും ശ്രമിച്ച് 1952 ജൂലൈ നാലിന് ഫ്ളോറൻസ് ചാഡ് വിക്, കാറ്റലീനചാനൽ നീന്തികടന്ന് ചരിത്രം കുറിച്ചു.

വിജയം സുനിശ്ചിതമാകുന്നത് ലക്ഷ്യം വ്യക്തമാകുമ്പോഴാണ്. ലക്ഷ്യമില്ലാതെ യാത്ര വിജയത്തിൽനിന്ന് നമ്മെ ദൂരെയാക്കും.

Anjana Roy

8D

# കുറുമ്പി പൂച്ച

കുറുമ്പിപൂച്ച പതുങ്ങിച്ചെന്ന്

കുടത്തിനുള്ളിൽ തലയിട്ടു.

കുറുവടി കൈയ്യിലെടുത്തിട്ടമ്മ

കുടത്തിനിട്ടൊരു കൊട്ടു കൊടുത്തു.

കുടമോ ചടപട പൊടിപൊടിയായി

കുറുമ്പി പേടിച്ചോടിപോയി.

**MEREENA , AMRUTHA**
**7**

# എന്റെ മുത്തശ്ശി

എന്റെ മുത്തശ്ശി ഉണ്ടായിരുന്നെങ്കിൽ

മാറിൽ ചായിച്ചു താരാട്ടു പാടിയേനെ.

ഞാനൊന്നറിയാതെ വീണാൽ

ഓടിവന്നെന്നെ മാറിൽ കിടത്തും

ഒന്ന് ചോര പൊടിഞ്ഞാൽ

മുത്തശ്ശി മനസ്സിൽ കരയും.

എന്റെ മുത്തശ്ശി ഉണ്ടായിരുന്നെങ്കിൽ

മാറിൽ ചായിച്ചു താരാട്ടു പാടിയേനെ.

എന്റെ മുത്തശ്ശി ഇന്നില്ലാ ലോകത്ത്

അങ്ങ് ദൂരത്തിൽ നിന്ന് എന്നെനോക്കുന്നു.

DEVINANDANA SHIJU

# എന്റെ കേരളം

കേരളമാണെന്റെ  നാട്

മലയാളമാണെന്റെ ഭാഷ

നമ്മുടെ ഭാഷയാണെന്റെ   മലയാളം

മാതൃ ഭാഷയാണെന്റെ മലയാളം

ദൈവത്തിന്റെ പ്രീയനാട് മലയാളം

തേന്യൂറും പൂക്കളുടെ മധുരമാ-

ണെന്റെ മലയാള ഭാഷ

എന്നും എൻ കേരളത്തിൻ

സ്വന്തം ഭാഷയാണെന്റെ മലയാളം

നന്മയുടെ നാട് കേരളനാട്

കേരങ്ങളെല്ലാം തിങ്ങിനിറഞ്ഞോരുനാട്

നാകമാണെന്റെ കേരളനാട്

കൽമുടിയേന്തിനിൽകുന്ന കേരളം

മഞ്ജുഭ്രഷകൾ ഉള്ളോരുനാട്

പന്ത്രണ്ടു വർഷത്തിലൊരി-

ക്കൽപ്പൂക്കുന്ന നീലകുറിഞ്ഞിയുടെ-സങ്കേതമാണ് ROSE MARY BIJU

# അത്യാഗ്രഹിയായ രാജാവ്

ഒരിടത്ത് ഒരിടത്ത് ഒരു രാജാവ് ഉണ്ടായിരുന്നു.അയാൾക്ക് ഒരു ജ്യേഷ്ഠനുണ്ടായിരുന്നു. ആ ജ്യേഷ്ഠൻ നല്ല ആളായിരുന്നു.തന്റെ അനിയനു വേണ്ടി എല്ലാം ചെയ്തു കൊടുക്കുമായിരുന്നു. പക്ഷേ, എന്തുകൊണ്ടാണ് ആ ജ്യേഷ്ഠന്റെ രാജ്യ പദവി നഷ്ടപെട്ടതെന്ന് നിങ്ങൾക്ക് തോന്നും, കാരണം തന്റെ അനിയനുവേണ്ടി എന്തും ചെയ്യുന്ന ജ്യേഷ്ഠനാണ്. അതുകൊണ്ടുതന്നെ രാജാവെന്ന പദവി അദ്ദേഹം തന്റെ അനിയനു നൽകി. അങ്ങനെ ഒരിക്കൽ തന്റെ ജ്യേഷ്ഠൻ അദ്ദേഹത്തിനൊരു പെട്ടി നൽകി. മുപ്പതു ദിവസം ഇതു തുറക്കരുതെന്നും പറഞ്ഞു. എന്നാൽ അത്യാർത്തി കാരണം മുപ്പതു ദിവസം വരേക്കും കാത്തുനിൽക്കാനായില്ല. അയാൾ ആ പെട്ടി തുറന്നു അതിനകത്തുനിന്ന് കുറേ വേതാളങ്ങൾ

പ്രത്യക്ഷപ്പെട്ടു. തന്നെ അവർ കൊല്ലുമോ എന്ന പേടിയിലായിരുന്നു അദ്ദേഹം. അപ്പോൾ അവിടെയുണ്ടായിരുന്ന വേതാളങ്ങൾ പെട്ടെന്ന് മാഞ്ഞുപോയി. ആ നിമിഷം തന്നെ അവിടെ ഒരു മാലാഖ വന്നു. താൻ ഇപ്പോൾ ചെയ്തത് തെറ്റാണെന്നും അതിനുള്ള ശിക്ഷയാണിത് എന്നും പറഞ്ഞു. പിന്നീട് രാജാവായ അദ്ദഹം തന്റെ പദവി ഔദ്യോഗികമായി ജ്യേഷ്ഠന് നൽകണമെന്നു തീരുമാനിച്ചു.കാരണം ജ്യേഷ്ഠന്റെ വാക്കുകൾ അദ്ദേഹത്തെ വേതാളങ്ങളിൽ നിന്നു മോചിപ്പിച്ചു.അത്യാർത്തി കുറയുകയും ഒരു ഭാര്യയെ കണ്ടുപിടിച്ച് വിവാഹം ചെയ്യുകയും ചെയ്തു.അവർ ആ രാജ കുടുംബത്തിൽ സന്തോഷമായി ജീവിച്ചു.

**ഗുണപാഠം: അത്യാർത്തി പാടില്ല അതു നമുക്ക് ഒരു ഭയങ്കരമായ അനുഭവം നൽകും**

**SREERENJINI 6 B**

## കൊക്കമ്മാവന്റെ തപസ്സ് മുടങ്ങി

പണ്ട് പണ്ട് കുറ്റിപ്പുറത്തൊരു കൊക്കൻ കൊക്കമ്മാവനുണ്ടായിരുന്നു. കൊക്കൻ കൊക്കമ്മാവന് പ്രായമേറെ ചെന്നപ്പോൾ പണ്ടത്തെപ്പോലെ മീനൊന്നും പിടിക്കാൻ വയ്യാതായി

.എന്തുചെയ്യണമെന്നാലോചിച്ചിരുന്നപ്പോൾ

കൊക്കൻ കൊക്കമ്മാവന് ഒരു ബുദ്ധിതോന്നി. ഒരു കാലിൽ നിന്ന് തപസ്സ് ചെയ്ത് വനദേവതയെ പ്രീതിപ്പെടുത്തി കുറെ മീൻ ദിവസവും കിട്ടാനുള്ള വരം നേടുക.

ഒരു ദിവസം രാവിലെ എഴുന്നേറ്റ് കൊക്കൻ കൊക്കമ്മാവൻ കുളക്കരയിൽ നിന്ന് ഒറ്റക്കാലിൽ തപസ്സു തുടങ്ങി. തപസ്സെന്നു പറഞ്ഞാൽ ഘോരതപസ്സ്. കൊക്കൻ കൊക്കമ്മാവൻ ഒറ്റക്കാലിൽ നിൽക്കുന്നതു കണ്ടുകൊണ്ടാണ് പൊന്നമ്പലത്തെ പൊന്നൻ

പൊന്മാൻ അതുവഴി വന്നത്. പൊന്നൻ പൊന്മാൻ കൊക്കമ്മാവന്റെ നിൽപ്പും ഭാവവുമൊക്കെ കണ്ടുചിരിച്ച് കൊണ്ട് പറഞ്ഞു "ഹും,വരമല്ലനേടുന്നത്,മരമായിരിക്കും."

പൊന്നൻ പൊന്മാന്റെ കളിയാക്കിയുള്ള പറച്ചിൽ കേട്ടപ്പോൾ കൊക്കമ്മാവനുണ്ടോ ദേഷ്യം അടക്കാൻ കഴിയുന്നു?

"ഹും,തപസ്സ് മുടക്കാൻ നടക്കുന്നു മൂശേട്ടകൾ.....”അങ്ങനെ പറഞ്ഞുകൊണ്ട് കൊക്കമ്മാവൻ ഒറ്റക്കാലേ തപസ്സുതുടങ്ങി. അപ്പോഴാണ് കുനമ്മാവിലെ കുനൻ കുളക്കോഴി പമ്മിപതുങ്ങി അതുവഴി വന്നത്.കൊക്കമ്മാവ മട്ടും ഭാവവുമൊക്കെ കണ്ട് ചിരിച്ചു.

***Krishna .S .Nair***
***6B***

# പ്രതികാരത്തിന് പ്രതികാരം

ഒരിടത്ത് ഒരു മരത്തിൽ രണ്ട് കാക്കകൾ താമസിച്ചിരുന്നു . ഒരു ദിവസം കാക്ക മുട്ടയിട്ടു. ആ മുട്ട കണ്ടുകൊണ്ട് ഒരു പാമ്പ് ആ കാക്കയുടെ മുട്ടകൾ കഴിച്ചു .ഒരു ദിവസം അച്ഛൻകാക്കയ്ക്ക് ഒരു ബുദ്ധി തോന്നി. അവിടെ കാടിന്റെ നടുവിൽ ഒരു കൊട്ടാരമുണ്ടായിരുന്നു .അതിനോട് ചേർന്ന് ഒരു പുഴയുണ്ടായിരുന്നു .കൊട്ടാരത്തിലെ രാജകുമാരി കുളിക്കാൻ പുഴയിൽ ഇറങ്ങിയപ്പോൾ മാല ഊരി കരയിൽവച്ചു . ആ നേരം കാക്ക പറന്നുവന്ന് മാല എടുത്തുകൊണ്ട് പറന്നുപ്പോയി .അന്നേരം രാജകുമാരി തന്റെ ഭടന്മാരോട് പറഞ്ഞു, "കാക്കയെ പിടികൂടി മാല തിരിച്ചുകൊണ്ടുവരുക" . കാക്ക ആ മാല കൊണ്ടുപോയി പാമ്പിന്റെ മാളത്തിലേക്കിട്ടു.അത് കണ്ട് വന്ന ഭടന്മാർ പാമ്പിന്റെ മാളം ഇടിച്ചുപൊളിച്ച് പാമ്പിന്റെ കഴുത്ത് വെട്ടി രാജകുമാരിയുടെ മാല എടുത്ത് കൊണ്ടുപോയി .പാമ്പ്ചത്തുപോയതിനാൽ കാക്കകൾക്ക് സന്തോഷമായി .

പിന്നീട് അവർ മുട്ടയിട്ടുകുഞ്ഞുങ്ങളുണ്ടായി .ആ കുഞ്ഞുങ്ങൾക്ക് അതിന്റ അച്ഛനും അമ്മയും ഈ ദുഷ്ടനായ പാമ്പിന്റെ ദുഷ്പ്രവൃത്തികൾ പറഞ്ഞുകൊടുത്തു .എന്നാൽ ആ കാക്കകൾക്ക് അറിയില്ലായിരുന്നു

ആ പാമ്പിന് ഒരു കുഞ്ഞുണ്ടായിരുന്നുവെന്ന്. ഭടന്മാർ പാമ്പിനെ കൊല്ലുന്നതും കണ്ട് ആ കുഞ്ഞുപാമ്പും അവിടെയുണ്ടായിരുന്നു .തന്റെ അമ്മ മരിക്കാൻ കാരണക്കാരായ കാക്കകളെ കൊല്ലാൻ പാമ്പുംകുഞ്ഞ് തീരുമാനിച്ചു .അങ്ങനെ കുറെനാളുകൾക്ക് ശേഷം

പാമ്പുംകുഞ്ഞ് വലുതായി.ഒരു ദിവസം കാക്കകൾ തീറ്റതേടിപ്പോയ സമയത്ത് പാമ്പ് കാക്കകളെ ഞെരുക്കി വിഷം ചീറ്റി കൊന്നു. അങ്ങനെ അനാഥനായ ആ പാമ്പിനെപ്പോലെ കാക്കകുഞ്ഞുങ്ങളും

അനാഥരായി.

**BY VISHAKH M MANOJ**

**9D**

# പ്രാവ്

പ്രാവേ പ്രാവേ പോകരുതേ
വാവാ കൂട്ടിനകത്താക്കാം
പാലും പഴവും പോരെങ്കിൽ
ചോറും കറിയും ഞാൻ നൽകാം

കൊള്ളാംകുഞ്ഞേ നിന്നിഷ്ടം
തള്ളാൻ പാടില്ലെന്നാലും
ഞാനങ്ങോട്ടേക്കില്ലിപ്പോൾ
മാനംനോക്കീസഞ്ചാരം

*NANDU MOHAN 9D*

# "कल करै सो आज कर
# आज करै सो अब"

बच्चों, आप लोगों ने चिडिया को घोंसला बनाते देखा है।गर्मियों में चिडिया अपने घोंसलों को बनाने में व्यस्त रहती हैं ।गर्मियों का मौसम कितना सुहावना होता है ।इस मौसम में बिनाघर के, बिना घोंसले के कोई भी जीव रह सकता हैं, लेकिन चिडिया घोंसला क्यों बनाती है? कभी आपने सोचा है? गर्मियों के बाद बरसात आनेवाला हैं उस समय कोई भी जीव बिना बसेरा के रह नहीं पायेगा।चिडिया भी पेडों की टहनियों पर रात बिता नहीं पायेगी।इसलिए गर्मियों मेंसूखे तिनके को बटोर कर आनेवाले बरसात केलिए घोंसला बनाती है।चिडिया ऐसा ऐंसाकरसकता है तो बुद्धि और विवेक संपन्न हम क्यों ऎसा नहीं सोचते हैं।

हमें भी जीवन के लक्ष्य पृाप्ति केलिए बचपन से ही पृयत्न करना चाहिए।लक्ष्य पृाप्ति का पहला पडाव हमारी शिक्षा है।शिक्षा में उन्नति केलिए हमें निरन्तर पृयत्न करना चाहिए।चिडिया बरसात में घोंसला बनाने लगे तो वे कभी भी सुरक्षित जीवन नहीं जी पायेंगे। उसी पृकार बच्चों यदि हम भी परीक्षा के दिनों में अपनी शिक्षा के बारे में, अपनी किताबों के बारे में और अपने जीवन के लक्ष्यों के बारे में सोचने लगे तो हम कभी भी अपने लक्ष्य को पृाप्त नहीं कर सकेंगे।

समय किसी का इन्त. जार नहीं करता।इस बात को चिडिया कितनी अच्छि तरह जानती है। इसलिए वे गर्मियें में ही बरसात की तैयारियाँ करती है।हमें चिडियों स सीख गृहण कर अपनी परीक्षा की तैयारियाँ पहले से ही शुरु करना चाहिए।परीक्षा में सफल हो तो लक्ष्य पृाप्ति मं भगवान की कृपा मातृ आवश्यक है।जो पृयत्न करता है उसकी सहायत भगवान अवश्य करेंगे।

***"कल करै आज कर***
***आज करै सो अब"***


***BY***
***DEEPA G.R***
***HINDI TEACHER***

# CLASS PHOTOS





GREESHMA.G 5B



KARTHIKA ANIL









PRANAVE JAIMON 5B

ANJANA ROY 8D

AADHITHYA C S 5B







SOORYA SOMAN 8C

ADITHYA S 8C

CHAITHANTA CHANDRA





RAHUL HARIDAS 7C

DEVIKA JANIL 8D













# NCC



# JRC























# DIGITAL GALLERY


HARITHA SANTHOSH 10 C








GOKUL KRISHNA B NAIR 9D










VISHAKH M MANOJ 9D




HARISANKAR P S 8C













നന്ദി
ശ്രീകൃഷ്ണ
VHSS